I ഇ.ബി. XIV - കേരള നിയമസഭ /V-8

# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 08, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2017 മേയ് 5-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 235-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II തിരുത്തൽ സ്റ്റേറ്റ്മെന്റ്

27.04.2017-ന് ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

## III അടിയന്തരപ്രമേയം

സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിയമനം

മി. സ്പീക്കർ: സ്റ്റേറ്റ് പോലീസ് ചീഫിന്റെ നിയമനവുമായി ബന്ധപ്പെട്ട വിഷയം ഈ സഭാ സമ്മേളന കാലയളവിൽത്തന്നെ അടിയന്തരപ്രമേയാവതരണത്തിന് അനുമതി തേടിക്കൊണ്ട് അവതരിപ്പിച്ചിട്ടുണ്ട്. സുപ്രീം കോടതി പരിഗണിക്കാൻ പോകുന്ന വിഷയത്തെ സംബന്ധിച്ച് സഭയിൽ ചർച്ചയും അഭിപ്രായ പ്രകടനങ്ങളും നടത്തുന്നത് കോടതിയെ സ്വാധീനിക്കാനിടയാകും. പ്രതിപക്ഷാവകാശങ്ങളെ നിഷേധിക്കാൻ ഉദ്ദേശിക്കാത്തതുകൊണ്ട് കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരാമർശിക്കാതെ ജനാധിപത്യ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംസാരിക്കണമെന്ന് സഭയെ അറിയിക്കുന്നു.

സ്റ്റേറ്റ് പോലീസ് ചീഫ് നിയമനം സംബന്ധിച്ച് സുവ്യക്തമായ സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിനുപകരം മന:പൂർവ്വമായ കാലതാമസം വരുത്തുന്നതിനുവേണ്ടി സുപ്രീം കോടതിയിൽ സമർപ്പിച്ച വ്യക്തത തേടിയുള്ള ഹർജി തള്ളിക്കൊണ്ടും സംസ്ഥാന ഗവൺമെന്റിന് 25,000 രൂപ പിഴ വിധിച്ചുകൊണ്ടും

ഇത്തരത്തിലുള്ള ഹർജി സമർപ്പിച്ചതിന് കേരള ഗവൺമെന്റിന്റെ അഭിഭാഷകൻ സുപ്രീം കോടതിയിൽ മാപ്പുപറഞ്ഞ് ഹർജി പിൻവലിക്കാൻ തയ്യാറാകേണ്ടിവന്നതുമൂലം കേരളത്തിനുണ്ടായ അപമാനവും അവമതിയും ഗുരുതരമായ പ്രശ്നങ്ങളും സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ പിഴ വിധിക്കുകയോ സർക്കാർ മാപ്പു പറയുകയോ ചെയ്തിട്ടില്ല. പോലീസ് മേധാവി സ്ഥാനത്തുനിന്ന് നീക്കിയ സർക്കാർ നടപടിക്കെതിരെ ഡോ. ടി. പി. സെൻകുമാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനേയും ഹൈക്കോടതിയേയും സമീപിച്ചെങ്കിലും സർക്കാർ തീരുമാനം ശരിവയ്ക്കുകയാണുണ്ടായത്. ഇതിനെതിരെ ഡോ. ടി. പി. സെൻകുമാർ സുപ്രീം കോടതിയെ സമീപിച്ച് അനുകൂല വിധി നേടുകയുണ്ടായി. മേൽനടപടി സ്വീകരിക്കുന്നതിനായി സർക്കാർ നിയമ വകുപ്പ് സെക്രട്ടറിയുടേയും അഡ്വക്കേറ്റ് ജനറലിന്റേയും അഭിപ്രായം ആരായുകയും സുപ്രീം കോടതിയിൽ വിശദീകരണത്തിനുള്ള ഹർജിയും റിവ്യൂ ഹർജിയും നൽകുകയുമുണ്ടായി. വിശദീകരണ ഹർജി സുപ്രീം കോടതി തള്ളുകയും 25,000 രൂപ ലീഗൽ

സർവ്വീസസ് അതോറിറ്റിയിൽ അടയ്ക്കാനും പ്രസ്തുത തുക ജുവനൈൽ ജസ്റ്റിസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും നിർദ്ദേശിക്കുകയാണുണ്ടായത്. സർക്കാർ കാലതാമസംകൂടാതെ വിധി നടപ്പാക്കുകയും ഡോ. ടി. പി. സെൻകുമാർ സ്റ്റേറ്റ് പോലീസ് ചീഫായി ചുമതലയേൽക്കുകയും ചെയ്തു. ഈ വിഷയം 2.5.2017-ന് സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്നും മാറ്റിയതുസംബന്ധിച്ച് കോടതികളിൽ നടന്ന വ്യവഹാരങ്ങളും സർക്കാരിന്റെ നിലപാടുകൾക്ക് തിരിച്ചടി നൽകിക്കൊണ്ട് പരമോന്നത നീതിപീഠം നടത്തിയ ഫൈനൽ ജഡ്ജ്മെന്റും സംസ്ഥാനത്തിന് നാണക്കേടുണ്ടാക്കിയിരിക്കുകയാണ്. 2016 മേയ് മാസം 25-ാം തീയതി അധികാരത്തിൽ വന്ന സർക്കാർ, ജിഷ കൊലക്കേസുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടെത്താൻ കാലതാമസമുണ്ടായെന്നും പുറ്റിങ്ങൽ വെടിക്കെട്ടപകടത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായെന്നും ചൂണ്ടിക്കാട്ടി ഡി.ജി.പി.-യെ ആ സ്ഥാനത്തുനിന്നും മാറ്റി. ഏപ്രിൽ മാസത്തിൽ നടന്ന രണ്ട് സംഭവങ്ങൾക്കും ഒരു മാസത്തിനുള്ളിൽ നടപടി സ്വീകരിച്ചില്ലെന്ന് പറയുന്നതും ഒരു ഉദ്യോഗസ്ഥന്റെ പ്രവർത്തനത്തെ വിലയിരുത്താൻ ഒരു മാസമെടുക്കാതിരുന്നതും ശരിയല്ല. ഇടതുപക്ഷത്തിന് വിരോധമുള്ള ഡി.ജി.പി.-യേയും ജഡ്ജിയേയും പുറ്റിങ്ങൽ

വെടിക്കെട്ട് അപകടത്തിന്റെ പേരിൽ അവരവരുടെ സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്തത് ശരിയായ നടപടിയല്ല. ഡി.ജി.പി.-യുടെ പരാതി ട്രൈബ്യൂണലും ഹൈക്കോടതിയും തള്ളിയെന്നും സുപ്രീം കോടതി തിരിച്ച് തീരുമാനിച്ചുവെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. സൗമ്യ കൊലക്കേസിൽ സെഷൻസ് കോടതിയും ഹൈക്കോടതിയും ഗോവിന്ദച്ചാമിക്ക് വധശിക്ഷ വിധിച്ചുവെങ്കിലും സുപ്രീം കോടതി അത് നിരസിക്കുകയാണുണ്ടായത്. 2017 ഏപ്രിൽ 24-ന് ഡോ. ടി. പി. സെൻകുമാറിനെ വീണ്ടും പോലീസ് ചീഫ് ആയി നിയമിക്കാനും സർക്കാരിൽനിന്ന് 25,000/- രൂപ പിഴ ചുമത്താനും സുപ്രീം കോടതി വിധിച്ചു. പോലീസ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരെ മാറ്റുന്നതിനാണ് റിവ്യൂ ഹർജിയുമായി സർക്കാർ മുന്നോട്ടുപോയത്. എന്നാൽ കോടതി വിധി വരുന്നതിനുമുമ്പുതന്നെ മുൻ സംസ്ഥാന പോലീസ് മേധാവിയായിരുന്ന ശ്രീ. രമൺ ശ്രീവാസ്തവയെ ആഭ്യന്തര വകുപ്പിന്റെ ഉപദേഷ്ടാവായും ശ്രീ. ടോമിൻ തച്ചങ്കരിയെ പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ആയും നിയമിച്ചു. ഉദ്യോഗസ്ഥരെ സ്ഥലംമാറ്റി ദ്രോഹിക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥന്മാർക്ക് മുഖ്യമന്ത്രിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടതുകൊണ്ടാണ് അവർ പല റിപ്പോർട്ടുകളും തെറ്റായി കൊടുക്കുന്നത്. കേരള നിയമസഭയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഗവൺമെന്റിനെ കോടതിയലക്ഷ്യത്തിന്

ശിക്ഷിച്ചിരിക്കുന്നു. സംസ്ഥാനത്തിന് നാണക്കേടുണ്ടാക്കിയ ഈ സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്റ്റേറ്റ് പോലീസ് ചീഫ് നിയമനം സംബന്ധിച്ച് സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന നിരവധി പരമാർശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കോർട്ടലക്ഷ്യത്തിന്റെ ഭാഗമായുള്ള യാതൊരു നടപടിക്രമങ്ങളും ഇവിടെ ഉണ്ടായിട്ടില്ല. ക്യൂറേറ്റീവ് പെറ്റീഷൻ നൽകുന്നത് സാധാരണ സംഭവമാണ്. ഈ സർക്കാർ നിയതമായ മാനദണ്ഡങ്ങൾക്കനുസൃതമായാണ് പ്രവർത്തിക്കുന്നത്. അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശമനുസരിച്ചാണ് സാധാരണനിലയിൽ ഒരു ഗവൺമെന്റ് പ്രവർത്തിക്കുന്നത്. സുപ്രീം കോടതി വിധി അന്തിമമാണെങ്കിലും ചില വസ്തുതകൾ ക്ലാരിഫൈ ചെയ്യുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് വീണ്ടും കോടതിയെ സമീപിച്ചത്. കോടതി വിധിയോട് സർക്കാർ അനാദരവ് കാട്ടിയിട്ടില്ല. യഥാർത്ഥ നടപടിക്രമങ്ങൾ പാലിക്കാതെയാണ് മുൻസർക്കാർ ഡോ. സെൻകുമാറിനെ ഡി.ജി.പി.-യായി നിയമിച്ചുകൊണ്ട് ഉത്തരവിറക്കിയത്. എന്നാൽ യഥാർത്ഥ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ഡി.ജി.പി. സ്ഥാനത്തുനിന്ന് അദ്ദേഹത്തെ മാറ്റാൻ തീരുമാനിച്ചത്. സർക്കാർ തീരുമാനത്തെ സുപ്രീം കോടതി എതിർത്തതിന്റെ ഫലമായാണ് അദ്ദേഹത്തെ സ്റ്റേറ്റ് പോലീസ് ചീഫായി

നിയമിക്കണമെന്ന അവസ്ഥ സംജാതമായത്. ഡോ. ടി. പി. സെൻകുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട സർക്കാർ തീരുമാനം സുപ്രീം കോടതി അസ്ഥിരപ്പെടുത്തിയെങ്കിലും സർക്കാരിനെതിരെ യാതൊരു പരാമർശവും കോടതി നടത്തിയിട്ടില്ല. എന്നാൽ ഭരണനടത്തിപ്പുമായി ബന്ധപ്പെട്ട് മുൻ സർക്കാരിനെക്കുറിച്ച് നിരവധി പരാമർശങ്ങളാണ് കോടതിയിൽ ഉയർന്നുവന്നിട്ടുള്ളത്. ഈ സർക്കാർ നിയമപ്രകാരമാണ് പ്രവർത്തിക്കുന്നത്. മുൻ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ പരിണിതഫലമായുള്ള പരാമർശങ്ങളാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. സുപ്രീം കോടതി വിധി പാലിച്ചുകൊണ്ടാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

(1) <u>സാമൂഹ്യവനവൽക്കരണ പദ്ധതി</u>

<u>ശ്രീ. ഡി. കെ. മുരളി</u> : പ്രകൃതിയുടെ സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വൃക്ഷങ്ങൾ സംസ്ഥാനത്ത് വ്യാപകമായി കണ്ടുവരികയാണ്. ഇവ ജലസുരക്ഷയെയും ജീവജാലങ്ങളുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. മെഴുക് പ്രതലങ്ങളോടുകൂടിയ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വൃക്ഷങ്ങളുടെ ഇലകൾ വൻതോതിൽ മണ്ണിലേയ്ക്ക് പതിക്കുന്നത് ആ പ്രദേശത്തെ ജലസംഭരണ പ്രക്രിയയെ ദോഷകരമായി ബാധിക്കുന്നു. ഇവ ജലവുമായി കലരുമ്പോൾ പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ പ്രസ്തുത പ്രദേശത്തെ സൂക്ഷ്മാണുക്കളെ ഇല്ലാതാക്കുകയും മണ്ണിന്റെ സ്വാഭാവിക പരിപുഷ്ടി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അക്കേഷ്യാ മരത്തിന്റെ പൂമ്പൊടി മാരകമായ അലർജി രോഗങ്ങൾക്ക് കാരണമാകുന്നു. ജീവജാലങ്ങളുടെ ആരോഗ്യത്തിനും നിലനിൽപ്പിനും ജലസുരക്ഷയ്ക്കും മുൻതൂക്കം നൽകിക്കൊണ്ട് ഇത്തരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതും വ്യാപനം നടത്തുന്നതും അടിയന്തരമായി തടഞ്ഞ് ബദൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>) : സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ പ്രകൃതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും

ദോഷകരമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഇവ തെരുവോരങ്ങളിൽ വളർത്തുന്നത് അവസാനിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിക്കുകയുണ്ടായി. എന്നാൽ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉണ്ടാക്കിയ കരാറിന്റെ കാലാവധി അവസാനിക്കുന്നതുവരെ ഇത്തരം വൃക്ഷങ്ങൾ വ്യാവസായികാവശ്യത്തിന് മാത്രം വളർത്തുന്നതിനും ബാക്കി പ്രദേശങ്ങളിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. 'വനദീപ്തി' പദ്ധതിയിലൂടെ എല്ലാ പ്രദേശത്തും ഔഷധവൃക്ഷത്തൈകളും മറ്റും വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഫലവൃക്ഷങ്ങളുടെയും പൂമരങ്ങളുടെയും ഔഷധവൃക്ഷങ്ങളുടെയും തടിവൃക്ഷങ്ങളുടെയും തൈകളാണ് വനവൽക്കരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്നത്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഹരിതകേരളം പരിപാടിയുടെ ഭാഗമായി ഒരു കോടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യാവസായിക ആവശ്യങ്ങൾക്കൊഴികെ സംസ്ഥാനത്ത് അക്കേഷ്യ പോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതല്ല.

## (2) ആർ.സി.സി.-യുടെ പ്രവർത്തനം

ശ്രീ. കെ. മുരളീധരൻ: തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഡിയോളജിസ്റ്റ് ഉൾപ്പെടെ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. ഭരണത്തിലെ കെടുകാര്യസ്ഥതയും പുതിയ പരിഷ്കാരങ്ങളുടെ പേരിലുള്ള പ്രതിഷേധവും സ്ഥാപനത്തിന്റെ പ്രശസ്തിക്ക് കളങ്കമേൽപ്പിച്ചിരിക്കുന്ന സാഹചര്യം ഒഴിവാക്കാനും അടിയന്തര ശസ്ത്രക്രിയയ്ക്കുപോലും രോഗികൾ കാത്തുനിൽക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താനും രോഗനിർണ്ണയത്തിനാവശ്യമായ ആധുനിക സംവിധാനങ്ങൾ ഉറപ്പാക്കാനും ഓപ്പറേഷൻ തീയേറ്റർ നവീകരിക്കാനും സർക്കാർ തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ക്യാൻസർ ചികിത്സാസൗകര്യങ്ങളുള്ള തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ രോഗികളുടെ ബാഹുല്യം കാരണമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സർക്കാർ പരിശ്രമിക്കുന്നതാണ്. നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും തിരക്കൊഴിവാക്കുന്നതിന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ പതിനാലുനില കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അടിയന്തര ശസ്ത്രക്രിയകൾക്ക് രോഗികൾ കാത്തുനിൽക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ആറ് പുതിയ ഓപ്പറേഷൻ തീയേറ്ററുകൾ

സജ്ജീകരിക്കുന്നതിനും പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു., പുതിയ സർജറി വാർഡുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ പുതിയ കെട്ടിടത്തിൽ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വിദേശസംഘടനയുടെ സഹായത്തോടെ കുട്ടികളുടെ ഒ.പി. വിഭാഗം ആധുനികവൽക്കരിക്കുകയും ഒ.പി.-യിലെ തിരക്കൊഴിവാക്കുന്നതിന് ടി.സി.എസ്.-ന്റെ സഹായത്തോടെ ഒ.പി. ട്രാൻസ്ഫർമേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിലെ എതിർപ്പുകളൊഴിവാക്കി ഡോക്ടർമാരുടെ സഹകരണത്തോടെ ആർ.സി.സി.-യിൽ പ്രശസ്തമായ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ മാതൃകയിൽ എം.ഡി.റ്റി. ബോർഡ് രൂപീകരിച്ച് ചികിത്സാ സംവിധാനങ്ങൾ ക്രമീകരിക്കാൻ സാധിച്ചത് അഭിമാന കരമാണ്. ബ്രെസ്റ്റ് ക്യാൻസർ ചികിത്സയ്ക്കുള്ള പ്രോട്ടോക്കോൾ അംഗീകരി ക്കുന്നതുവഴി ചികിത്സ കൂടുതൽ ഫലപ്രദമാകും. മെഡിക്കൽ കോളേജിൽ നിന്നും ആവശ്യമുള്ള സമയത്ത് കാർഡിയോളജിസ്റ്റിന്റെ സേവനം നിലവിൽ ലഭ്യമാകുന്നുണ്ട്. ആർ.സി.സി.-യിലെ തിരക്കൊഴിവാക്കുന്നതിന് സംസ്ഥാന ത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാൻസർ ചികിത്സയ്ക്കാവശ്യമായ സൗകര്യ ങ്ങളേർപ്പെടുത്തുന്നതിനും മലബാർ ക്യാൻസർ സെന്റർ വിപുലീ കരിക്കുന്നതിനും കൊച്ചിൻ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിനും സർക്കാർ മെഡിക്കൽ കോളേജുകളിൽ ക്യാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ

തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സയിൽ മാറ്റങ്ങളുണ്ടാക്കുന്ന ആയുർദീപ്തം പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പാക്കും. കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും കേടായ ഉപകരണങ്ങളുടെ തകരാർ പരിഹരിച്ച് വേഗത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കും.

## V സബ്മിഷൻ

### (1) കടൽഭിത്തി നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സുനാമി ബാധിത പ്രദേശങ്ങളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലും മറ്റ് പ്രദേശങ്ങളിലും വ്യാപകമാകുന്ന കടലാക്രമണം തടയുന്നതിന് അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനും പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. പല്ലനയിൽ മണ്ണ് കൊണ്ട് പുലിമുട്ട് നിർമ്മിച്ച പുതിയ ടെക്നോളജി എല്ലാ പ്രദേശത്തും വ്യാപിപ്പിക്കാൻ തയ്യാറാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : ആറാട്ടുപുഴ പഞ്ചായത്തിൽ വലിയഴീക്കലിൽ 150 മീറ്റർ കടൽഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്നുള്ള 400 മീറ്റർ ഭാഗത്ത് ജി.ഒ. സിസ്റ്റം ഉപയോഗിച്ചുള്ള നാല് പുലിമുട്ട് ശൃംഖലയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ്

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കാർഗിൽ, പെരുമ്പള്ളി എന്നിവിടങ്ങളിൽ 600 മീറ്റർ വീതം നീളമുള്ള നാല് പുലിമുട്ടുകളും പെരുമ്പള്ളിയിൽ 300 മീറ്റർ പുതിയ കടൽഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. നിലവിലുള്ള 200 മീറ്റർ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആറാട്ടുപുഴ പഞ്ചായത്തിൽ 12 പുലിമുട്ടുകളുടെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഐ.ഐ.റ്റി. പഠന റിപ്പോർട്ടനുസരിച്ച് ശക്തമായ കടലാക്രമണം നേരിടുന്നതിന് വട്ടച്ചാലിൽ 1.80 കി.മീറ്ററിൽ 16 പുലിമുട്ട് ശൃംഖലയും ആറാട്ടുപുഴ ജംഗ്ഷനിൽ 1.20 കി.മീറ്റർ നീളത്തിൽ 21 പുലിമുട്ട് ശൃംഖലയുമുള്ള നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 700 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം പൂർത്തിയാക്കുകയും 200 മീറ്റർ കടൽഭിത്തിയുടെ നിർമ്മാണത്തിനാവശ്യമായ ടെണ്ടർ നടപടികൾ നടത്തിവരികയുമാണ്. അതിരൂക്ഷമായ കടലാക്രമണം നേരിടുന്നതിന് പതിയാൻകരയിൽ 1.50 കി.മീറ്റർ നീളത്തിൽ 13 പുലിമുട്ടുകളുടെ നിർമ്മാണം കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പാനൂരിൽ 650 ലക്ഷം രൂപ അടങ്കലിൽ 300 മീറ്റർ കടൽഭിത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് കൊണ്ട് പുലിമുട്ട് നിർമ്മിക്കുന്ന ടെക്നോളജി ഉചിതമാണെന്ന് കണ്ടെത്തിയാൽ ആ പുതിയ

സാങ്കേതികവിദ്യ നടപ്പിലാക്കുന്നതാണ്.

(2) എം.എൽ.എ. -യുടെ ഓഫീസ് ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ഒ. രാജഗോപാൽ : നേമത്തുള്ള എന്റെ പാർട്ടി ഓഫീസ് തകർത്തതിനെ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാപ്പനംകോട് നീറമൺകര എൻ.എസ്.എസ്. കോളേജ് റോഡിൽ വാടകവീട്ടിൽ താമസിക്കുന്ന അനികുമാർ നൽകിയ പരാതിയിന്മേൽ വിവിധ വകുപ്പുകൾപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വീടിന്റെ താഴത്തെനിലയിൽ പ്രവർത്തിക്കുന്ന ശ്രീ. ഒ. രാജഗോപാൽ എം.എൽ.എ.-യുടെ ഓഫീസിന്റെ മുൻവശത്തെ ജനൽ ഗ്ലാസ് പൊട്ടിച്ചതായും ഫ്ലക്സ് ബോർഡിന് വിള്ളലുണ്ടാക്കിയതായും പരാതിയിൽ പറഞ്ഞിട്ടുണ്ട്. പ്രാഥമികാന്വേഷണത്തിൽ പരാതിക്കാരനും പ്രതിയെന്നു സംശയിക്കപ്പെടുന്ന സുനിൽകുമാറും ഉൾപ്പെട്ട കേസ്സുകൾ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. എം.എൽ.എ.-യുടെ ഓഫീസിന് മുമ്പിലുണ്ടായിരുന്ന കൊടിതോരണങ്ങൾക്കോ മറ്റലങ്കാരങ്ങൾക്കോ നാശനഷ്ടമുണ്ടായിട്ടില്ലായെന്നതിൽ നിന്നും മനസ്സിലാകുന്നത് അനികുമാറിന്റെ താമസസ്ഥലം ലക്ഷ്യമാക്കിയുള്ള ആക്രമണമാണെന്നാണ്. കേസുമായി ബന്ധമുണ്ടെന്ന് സംശയിക്കപ്പെടുന്നവരുടെ ഫോൺകോൾ വിവരങ്ങളും സി.സി.ടി.വി. ദൃശ്യങ്ങളും പരിശോധിച്ച്

സംഭവത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും പ്രതികളെ കണ്ടെത്തുന്നതിനുമുള്ള ഊർജ്ജിത ശ്രമം നടന്നുവരികയാണ്.

(3) ഫയർസ്റ്റേഷൻ

ശ്രീ. അബ്ദുൽ ഹമീദ്. പി : വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ഏജൻസിയായ ക്രിസ്പ് മാനേജ്മെന്റ് സൊല്യൂഷൻ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിലും പുതിയതായി ഫയർ ആന്റ് റസ്ക്യൂ നിലയം ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിലും വള്ളിക്കുന്ന് മണ്ഡലം ഉൾപ്പെടാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച സാധ്യത പരിശോധിക്കാവുന്നതാണ്.

(4) കോൾനിലങ്ങളിലെ കൃഷി സംരക്ഷണം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കുന്നതിനും കൃഷിനാശം തടയുന്നതിന് താൽക്കാലിക ചിറകൾ നിർമ്മിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളിലെ നെൽകൃഷി സംരക്ഷിക്കുന്നതിന് ഏനാമാക്കൽ, ഇടിയംചിറ, മുനയം എന്നിവിടങ്ങളിൽ താൽക്കാലിക ചിറകൾ നിർമ്മിക്കുന്നതിനും നീരൊഴുക്കിന്

തടസ്സമായ കുളവാഴ, ചണ്ടി എന്നിവ നീക്കുന്നതിനുമായി ഈ വർഷം രണ്ടരക്കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന കുളവാഴ, ചണ്ടി എന്നിവ നീക്കം ചെയ്യുന്നതിനും കോൾ നിലങ്ങളിലെ ചാലുകളുടെ അറ്റകുറ്റപ്പണികൾക്കും റെഗുലേറ്റർ ഷട്ടറുകളുടെ റിപ്പയറിംഗ് പണികൾക്കും അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. മുനയം റെഗുലേറ്റർ - കം - ബ്രിഡ്ജ് സ്ഥാപിക്കുന്ന പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. കുളവാഴ, ചണ്ടി എന്നിവ നീക്കം ചെയ്യുന്നതിനായി തുടർച്ചയായി മൂന്നുവർഷത്തേയ്ക്ക് കരാർ നൽകുന്ന കാര്യം കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(5) <u>പൈനാപ്പിൾ കർഷകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. എൽദോ എബ്രഹാം</u>: പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>): 'മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 26250 രൂപ നിരക്കിൽ ഒരു കർഷകന് പരമാവധി 4 ഹെക്ടർ വരെയുള്ള കൃഷിക്ക് ധനസഹായം നൽകിവരുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം 957 ഹെക്ടർ സ്ഥലത്ത് പുതുതായി പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുകയും 251 ലക്ഷം രൂപയുടെ

ധനസഹായം നൽകുകയും ചെയ്തു. ഈ വർഷം പുതുതായി 400 ഹെക്ടർ സ്ഥലത്തുകൂടി പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 105 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് വിളനാശം സംഭവിച്ചാൽ ഹെക്ടറിന് 50,000 രൂപയും പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് സെന്റിന് 300 രൂപയും ധനസഹായം നൽകുന്നുണ്ട്. പൈനാപ്പിൾ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന 'എത്രെൽ (Ethrel)' എന്ന രാസവസ്തു ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നതായി പൊതുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് ശാസ്ത്രീയപഠനം നടത്തുന്നതാണ്. ജൈവരീതിയിൽ പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരേയും കർഷക പ്രതിനിധികളേയും കൃഷി വകുപ്പുദ്യോഗസ്ഥരേയും നിയോഗിച്ച് പരിശോധന നടത്തി ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ആശുപത്രി ആക്രമണം

ഡോ. എം. കെ. മുനീർ : വടകര 'ആശ' ആശുപത്രിയിൽ ആക്രമണം നടത്തുകയും ഡോക്ടറെ മർദ്ദിക്കുകയും തട്ടിക്കൊണ്ടുപോകുകയും ചെയ്തവരെ അറസ്റ്റ് ചെയ്യുന്നതിനും 2012-ലെ ആശുപത്രി സംരക്ഷണനിയമം പ്രാവർത്തിക

മാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു : വടകര 'ആശ' ആശുപത്രിയിലെ ഡോക്ടറെ മർദ്ദിക്കുകയോ തട്ടിക്കൊണ്ടുപോകുകയോ ചെയ്തിട്ടില്ല. പ്രസ്തുത ആശുപത്രിയുമായി ബന്ധപ്പെട്ട പ്രശ്നം വിവിധ രാഷ്ട്രീയ പാർട്ടികളുമായും ഐ.എം.എ.-യുടെ പ്രതിനിധികളുമായും ചർച്ച ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രശ്നം രമ്യമായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വടകര 'ആശ' ആശുപത്രിയിലെ ഡോക്ടറെ ആക്രമിച്ച പ്രതികൾക്കെതിരെ ആശുപത്രി സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാത്തതിൽ പ്രതിഷേധിച്ച് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കോഴിക്കോട് ജില്ലയിൽ സമരം നടത്തുകയും സർക്കാർ ഡോക്ടർമാർ ഒരു ദിവസം കൂട്ട അവധിയെടുത്ത് പ്രതിഷേധിക്കുകയും ചെയ്തിരുന്നു. ഈ വിഷയത്തിൽ മെഡിക്കൽ ഓഫീസറുടെ പരാതിയിന്മേൽ വടകര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും രണ്ടുപേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അകാരണമായി ആശുപത്രി ജീവനക്കാരെയും ഡോക്ടർമാരെയും കയ്യേറ്റം ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(7) ജില്ലാ ആശുപത്രി കെട്ടിടം പൂർത്തിയാക്കൽ

<u>ശ്രീ. സി. കെ. നാണു</u>: വടകര ജില്ലാ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കുന്നതിനും സർക്കാർ ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളിന്മേൽ സൂക്ഷ്മപരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ)</u>: 2010-ൽ വടകര ജില്ലാ ആശുപത്രി കെട്ടിടത്തിന് അഞ്ചുകോടി രൂപയുടെ ഭരണാനുമതി നൽകുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്റ്റിമേറ്റിനേക്കാൾ കൂടിയ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുകയും കെട്ടിടത്തിന്റെ താഴത്തെയും ഒന്നാമത്തെയും നിലകളിലെ സ്ട്രക്ച്ചറൽ വർക്ക് പൂർത്തിയായതിനുശേഷം കരാറുകാരെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. പ്രവൃത്തിയുടെ രണ്ടാംഘട്ടമായി ഈ സർക്കാർ 13.70 കോടി രൂപ നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ സംബന്ധിച്ച് വിദഗ്ദ്ധ പരിശോധന നടത്തി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് കൃത്യമായ മോണിറ്ററിംഗിലൂടെ നിർദ്ദിഷ്ട കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ച് ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (8) <u>ഡെങ്കിപ്പനി നിയന്ത്രണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: കണ്ണൂർ ജില്ലയിൽ വ്യാപകമായി പടർന്നുപിടിക്കുന്ന ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനും കൂടുതൽ ചികിത്സാ സൗകര്യങ്ങൾ

ഏർപ്പെടുത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മട്ടന്നൂർ നഗരസഭയിലും പ്രാന്തപ്രദേശങ്ങളിലും ഡെങ്കിപ്പനി പടർന്നുപിടിക്കുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ആവശ്യമായ ഇടപെടൽ നടത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മട്ടന്നൂരിലെ സ്വകാര്യ ആശുപത്രികളിൽ ചികിത്സാസൗകര്യ മില്ലാത്തതിനാൽ ഡെങ്കിപ്പനി ബാധിച്ചവർ ഗവൺമെന്റ് ആശുപത്രികളെ സമീപിക്കണമെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യ വിഭാഗം അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ടീമും അവിടെ സന്ദർശനം നടത്തിയിട്ടുണ്ട്. ഡി.എം.ഒ.-യുടെ നേതൃത്വത്തിലുള്ള 40 അംഗസംഘം നഗരസഭാ ചെയർമാനുമായും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായും നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുജന പങ്കാളിത്തത്തോടുകൂടി എല്ലാ വാർഡുകളിലും ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മട്ടന്നൂർ ആശുപത്രിയിൽ സജ്ജീകരണങ്ങളൊരുക്കുകയും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷത്തിന്റെ മുന്നോടിയായി അവരവരുടെ മണ്ഡലങ്ങളിൽ എം.എൽ.എ.-മാർ മുൻകയ്യെടുത്ത്

കൊതുകുനശീകരണത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമുള്ള അടിയന്തര ഇടപെടൽ നടത്തണം. ആരോഗ്യ വകുപ്പ് മരുന്നുകൾ കൃത്യമായി ആശുപത്രികളിൽ എത്തിച്ചിട്ടുണ്ട്.

(9) ഗ്രേസ് മാർക്ക്

ശ്രീ. റോഷി അഗസ്റ്റിൻ: 2015-17 കാലയളവിൽ കട്ടപ്പന ഓസാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽനിന്നും സ്കൗട്ട് ആന്റ് ഗൈഡ്സ് പ്രവർത്തനം വിജയകരമായി പൂർത്തിയാക്കിയ 86 കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കട്ടപ്പന ഓസാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്കൗട്ട് ആന്റ് ഗൈഡ്സ് ഗ്രേസ് മാർക്ക് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും ഹയർ സെക്കണ്ടറി ഡയറക്ടറോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തതനുസരിച്ച് ടി സ്കൂളിനോട് ഇതുസംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല. 29-5-2014-ലെ സർക്കുലർ പ്രകാരം ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽനിന്ന് മാത്രമാണ് സ്കൗട്ട് ആന്റ് ഗൈഡ്സ് യൂണിറ്റുകൾ തുടങ്ങാനുള്ള അപേക്ഷ ക്ഷണിച്ചിരുന്നത്. അൺ-എയ്ഡഡ് സ്കൂളാണെന്ന വസ്തുത മറച്ചുവച്ചുകൊണ്ടാണ്

പ്രസ്തുത സ്കൂൾ അപേക്ഷ സമർപ്പിച്ചത്. കട്ടപ്പന ഓസാനം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും വിദ്യാഭ്യാസ ഡയറക്ടർക്ക് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിദ്യാലയത്തിലെ സ്കൗട്ട് ആന്റ് ഗൈഡ്സ് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(10) പി.ജി. കോഴ്സുകൾ അനുവദിക്കൽ

ശ്രീ. ജോർജ് എം. തോമസ്: കോടഞ്ചേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ ബോട്ടണി, ഫിസിക്സ് എന്നീ വിഷയങ്ങളിൽ പി.ജി. കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): കോടഞ്ചേരി ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ നിലവിൽ 4 ബിരുദ കോഴ്സുകളും 2 ബിരുദാനന്തര ബിരുദ കോഴ്സുകളുമാണുമുള്ളത്. ടി കോളേജിൽ രണ്ട് പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനായി യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ ജില്ലാതല പരിശോധനാ സമിതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേലുള്ള ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(11) ഒഴിവുകൾ നികത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: മലയാളം നിർബന്ധ പാഠ്യവിഷയമാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം അദ്ധ്യാപകരെ

നിയമിക്കാനും വയനാട് ജില്ലയിലെ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷാ) ബിൽ നിയമസഭ പരിഗണിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. മലയാളം നിർബന്ധിത പാഠ്യവിഷയമാക്കുമ്പോൾ പുതുതായി തസ്തികകൾ സൃഷ്ടിക്കേണ്ടി വരികയും ഇപ്രകാരമുണ്ടാകുന്ന ഒഴിവുകൾ നിയമാനുസൃതം നികത്തുകയും ചെയ്യുന്നതാണ്. വയനാട് ജില്ലയിൽ നിലവിലുള്ള 9 ഒഴിവുകളിൽ 2 എണ്ണം നേരിട്ടും 3 എണ്ണം ബൈ ട്രാൻസ്ഫർ വഴിയും 3 എണ്ണം പ്രൊമോഷൻ വഴിയും നികത്തുന്നതാണ്. ഒരു ഒഴിവ് അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ കാലതാമസം കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## VI ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): താഴെപ്പറയുന്ന

ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല,

സംസ്കാരം (15154,48,92,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. എ. എൻ. ഷംസീർ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് പ്രാമുഖ്യം നൽകുന്ന ഈ സർക്കാർ കഴിഞ്ഞ ഗവൺമെന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ച മലാപ്പറമ്പ് സ്കൂൾ ഉൾപ്പെടെയുള്ള നാല് സ്കൂളുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഈ അദ്ധ്യയന വർഷം മൂന്ന് വോള്യങ്ങളായി പാഠപുസ്തകങ്ങളും എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോമും വിതരണം ചെയ്യുകയും ഏതാണ്ട് നാലായിരത്തോളം അദ്ധ്യാപകരെ

പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിലെ കുട്ടികളിൽനിന്ന് കലോത്സവത്തിനുള്ള ഫണ്ട് ശേഖരണം നിർത്തലാക്കുകയും മേളയുടെ നടത്തിപ്പിനായി നാല് കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 141 ആർ.എം.എസ്.എ.-സ്കൂളുകളെ സർക്കാർ സ്കൂളിന് തുല്യമാക്കുകയും അധിക തസ്തികകൾ സൃഷ്ടിച്ച് അദ്ധ്യാപകക്ഷാമം പരിഹരിക്കുകയും മൂവായിരത്തോളം ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കായി എഴുപത് കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, ചേർത്തല സർക്കാർ പോളിടെക്നിക്കുകളിലെ മെക്കാനിക്കൽ ബ്രാഞ്ചിൽ ഓരോ കോഴ്സുകൾ വീതവും തിരുവനന്തപുരത്തെ സി.ഇ.ടി.-ക്ക് രണ്ട് പി.ജി. കോഴ്സുകളും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൂന്നാർ ഗവൺമെന്റ് കോളേജിൽ എം.എ. (തമിഴ്), എം.കോം. എന്നീ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. ഹൈസ്കൂൾ തലത്തിൽ നാൽപ്പത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും കക്ഷി രാഷ്ട്രീയ ഭേദമെന്യേ എല്ലാ നിയോജക മണ്ഡലത്തിലേയും ഓരോ സ്കൂളുകൾ വീതം മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. 229 സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ

മൂന്ന് കോടി രൂപ വീതം അനുവദിച്ചതിനുപുറമെ ഇരുന്നൂറ് വർഷം പിന്നിട്ട പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനും സർക്കാർ തീരുമാനിച്ചു. കുട്ടികളുടെ സാമൂഹിക-സാമ്പത്തിക-വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കി പഠനത്തിൽ മികവ് പുലർത്താൻ സാധിക്കാത്ത വിദ്യാർത്ഥികളുടെ കഴിവ് വളർത്തുന്നതിനായി 'ശ്രദ്ധ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷൻ ടെക്നോളജിയുടെ പദവി ഉയർത്തുന്നതുൾപ്പെടെ കേരളത്തിന്റെ പൊതു വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും ഈ ഗവൺമെന്റിന് സാധിച്ചു. കേരള ചരിത്രത്തിലാദ്യമായി വിദ്യാഭ്യാസ ലോണുകൾ എഴുതിത്തള്ളുന്നതിനും ലോണെടുത്ത വിദ്യാർത്ഥികൾക്ക് സഹായം നൽകുന്നതിനും സർക്കാരിന് സാധിച്ചു. മലയാള ഭാഷയ്ക്ക് പ്രാമുഖ്യം നൽകുന്നതിനോടൊപ്പം ഇംഗ്ലീഷ് ഭാഷയ്ക്കും പരിഗണന നൽകുന്ന വിദ്യാഭ്യാസക്രമമാണ് സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം കൃത്യമായി നിർവ്വഹിക്കാൻ ഈ സർക്കാരിന് സാധിച്ചു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന സ്വാശ്രയ കച്ചവടം അവസാനിപ്പിക്കുന്നതിന് എല്ലാവരുടെയും പിന്തുണ ആവശ്യമാണ്. വരൾച്ച നേരിടുന്ന ഈ സന്ദർഭത്തിലും പവർകട്ടില്ലാതെ മുന്നോട്ട് പോകാൻ കഴിയുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്

ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്.

ശ്രീ. വി. ടി. ബൽറാം: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ എല്ലാ പദ്ധതികളുടെയും അടിസ്ഥാനം കിഫ്ബിയാണ്. നിരവധി പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും വളരെക്കുറച്ച് കാര്യങ്ങൾ മാത്രമേ പ്രവർത്തി പഥത്തിലെത്തിക്കാൻ സാധിക്കുന്നുള്ളൂ. എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യ പേപ്പർ ചോർന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷ റദ്ദാക്കുകയും പുന:പരീക്ഷ നടത്തുകയും ചെയ്യേണ്ട സാഹചര്യമുണ്ടായതും മലയാളം ചോദ്യ പേപ്പറിൽ ഇംഗ്ലീഷിലുള്ള ചോദ്യം അച്ചടിച്ച് വന്നതും സർക്കാരിന്റെ ജാഗ്രതക്കുറവിനെയാണ് കാണിക്കുന്നത്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചുകൊണ്ട് അദ്ധ്യാപക സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന ചോദ്യ പേപ്പർ കച്ചവടം നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സി.ബി.എസ്.ഇ. സ്കൂളുകളിൽ എൻ.സി.ഇ.ആർ.ടി. നിഷ്കർഷിക്കുന്ന പാഠങ്ങൾ പഠിപ്പിക്കണമെന്ന നിർദ്ദേശം നടപ്പാക്കണം. റീട്രഞ്ച് അദ്ധ്യാപകരെന്ന പേരിൽ പുറത്തുനിൽക്കേണ്ടിവരികയും ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്തി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കുകയും ചെയ്ത അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥയിൽ നിലനിൽക്കുന്ന അനോമലി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സർക്കാർ/എയ്ഡഡ് ഹയർ

സെക്കണ്ടറി സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനും എസ്.എസ്.എ. വഴി നിയമിക്കുന്ന കായികാദ്ധ്യാപകരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും ശമ്പളം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. എ.ഐ.സി.ടി.ഇ.-യുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് കേരളത്തിലെ പോളി ടെക്നിക്കുകളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ടുള്ള നാഷണൽ സ്കിൽ എഡ്യൂക്കേഷണൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് കേരളത്തിലെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്ത് തകർച്ച നേരിട്ടുകൊണ്ടിരുന്ന വിദ്യാഭ്യാസ രംഗത്തെ കഴിഞ്ഞ ഒരു വർഷംകൊണ്ട് വളർച്ചയുടെ പാതയിലെത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. അവസരോചിതമായ പ്രവർത്തനംമൂലം പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിൽ സമയക്ലിപ്തത പാലിക്കാൻ സാധിച്ചുവെന്നത് എടുത്തുപറയത്തക്ക നേട്ടങ്ങളിലൊന്നാണ്. കോത്താരി കമ്മിഷൻ റിപ്പോർട്ടിന്റെയും ഗാന്ധിയൻ ദർശനങ്ങളുടെയും അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ രീതി യാഥാർത്ഥ്യമാക്കുന്നതിനാണ് ഈ ഗവൺമെന്റ് പ്രയത്നിച്ചുകൊണ്ടിരിക്കുന്നത്.

അദ്ധ്യയന ഭാഷ പ്ലസ് ടു വരെ മാതൃഭാഷയിലാക്കുന്നതിനുള്ള തീരുമാനം യാഥാർത്ഥ്യമായിരിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനും ജനപങ്കാളിത്തത്തിനുമായി വ്യക്തമായ പരിപാടികളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകരേയും രക്ഷിതാക്കളേയും ജനങ്ങളേയും മുൻനിർത്തി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഹയർ സെക്കണ്ടറി തലത്തിൽ 45,000 ക്ലാസ് മുറികൾ ഹൈടെക്കാക്കിക്കൊണ്ട് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള സ്കൂളുകളുടെ നവീകരണം, ഓരോ നിയോജക മണ്ഡലത്തിലെയും ഓരോ സ്കൂളിനെ വീതം മികവിന്റെ കേന്ദ്രങ്ങളാക്കൽ, ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളിന്റെ വികസനത്തിനായി 3 കോടി രൂപ, എയ്ഡഡ് സ്കൂളിന് ധനസഹായം എന്നിവ അഭിനന്ദനാർഹമായ പദ്ധതികളാണ്. വിദ്യാഭ്യാസ മേഖലയെ സ്വാശ്രയ ഗുണ്ടാ സംഘത്തിൽനിന്നും ചൂഷണത്തിൽനിന്നും അതിക്രമത്തിൽനിന്നും രക്ഷിക്കുന്നതിനുള്ള ശക്തമായ നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. കല, സംസ്കാരം എന്നീ രംഗങ്ങളിൽ 'മുഖ്യ വികസനമേഖല' എന്ന പദവി കേരളത്തിന് ലഭിച്ചിരിക്കുകയാണ്. സാംസ്കാരിക മേഖലയിൽ വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന ജില്ലാ-സാംസ്കാരിക സമുച്ചയങ്ങൾ, ഫിലിം സിറ്റി, സ്ഥിരം ഫെസ്റ്റിവൽ വേദി തുടങ്ങിയവയുടെ നിർമ്മാണം ഈ വർഷം വിഭാവനം ചെയ്യുന്നു.

അക്കാദമികൾ ശ്രദ്ധിക്കപ്പെടുന്നതും പതിനായിരം രൂപ വരെ യുവ കലാകാരന്മാർക്ക് ഫെലോഷിപ്പായി നൽകുന്നതും കൊച്ചിൻ ബിനാലെയ്ക്ക് 2 കോടി രൂപ അനുവദിച്ചതും ശ്ലാഘനീയമാണ്. പങ്കാളിത്ത പെൻഷൻ ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങളിൽ കൃത്യമായ സമീപനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് അനുയോജ്യമായ നിർദ്ദേശങ്ങളൊന്നുംതന്നെ ബഡ്ജറ്റിലില്ല. സ്മാർട്ട് ക്ലാസ് റൂമുകൾ ഉണ്ടാക്കുന്നതുകൊണ്ടുമാത്രം വിദ്യാഭ്യാസ രംഗത്ത് മാറ്റമുണ്ടാക്കാനോ പുരോഗതിയുണ്ടാക്കാനോ സാധിക്കുകയില്ല. പ്രാഥമിക വിദ്യാഭ്യാസം പൂർണ്ണമായും മാതൃഭാഷയിലാക്കണം. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന 2500 അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുമെന്ന് പറയുകയും വർക്ക്ലോഡ് അനുസരിച്ച് പുനഃക്രമീകരണം നടത്തിയതിനുശേഷം ഒഴിവുകൾ നികത്തുന്നതിനെക്കുറിച്ച് ചിന്തിക്കാമെന്ന് പറയുകയും ചെയ്യുന്നത് പ്രതിഷേധാർഹമാണ്. ഒരു അദ്ധ്യാപകൻ ഒരു ദിവസം 6 മണിക്കൂർ പഠിപ്പിക്കണമെന്ന് പറയുന്നത് നീതിക്കോ യുക്തിക്കോ നിരക്കുന്നതല്ല. കോളേജുകളിലും സ്കൂളുകളിലും നിയമന റാങ്ക് ലിസ്റ്റ് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടി ത്വരിതഗതിയിലാക്കണം. ഉന്നത വിദ്യാഭ്യാസ രംഗത്ത് യു.ഡി.എഫ്. സർക്കാർ ഓരോ നിയോജക മണ്ഡലത്തിലും ഓരോ കോളേജ് എന്ന സമീപനമാണ്

സ്വീകരിച്ചിരുന്നത്. സർവ്വകലാശാലകളിൽ ഏർപ്പെടുത്തിയ സെമസ്റ്റർ സമ്പ്രദായത്തേയും ഇന്റേണൽ മാർക്ക് സമ്പ്രദായത്തേയും സംബന്ധിച്ച് പുനർചിന്തനമുണ്ടാകണം. സംസ്ഥാനത്ത് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുകയും കാസർഗോഡ് ഗവൺമെന്റ് കോളേജിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ കൊണ്ടുവരുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചെയ്യണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. 2010-11 കാലഘട്ടത്തിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ടി. എം. ജേക്കബ് അദ്ധ്യക്ഷനായി വിദ്യാഭ്യാസ പരിഷ്കരണ സമിതി രൂപീകരിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തുവെങ്കിലും യു.ഡി.എഫ്. സർക്കാർ അത് പരിഗണിക്കുകയുണ്ടായില്ല. സാമൂഹ്യസമത്വം എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ചാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വിദ്യാഭ്യാസ നയം രൂപീകരിച്ചിരിക്കുന്നത്. പ്രൈമറി ക്ലാസ് മുതൽ അവഗണിക്കപ്പെട്ട് കിടന്നിരുന്ന ആയിരത്തിൽപ്പരം കുട്ടികൾ പഠിക്കുന്ന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കു വരെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 3 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. 2017 ഡിസംബർ 31-ന് മുമ്പായി കേരളത്തിലെ എട്ട് മുതൽ പന്ത്രണ്ട് വരയുള്ള മുഴുവൻ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ

സെക്കണ്ടറി ക്ലാസ് മുറികളും ഡിജിറ്റലൈസ് ചെയ്യുമെന്നും അതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്ന് കണ്ടെത്തുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. മലയാളം നിർബന്ധമാക്കുന്നതോടൊപ്പം പൊതുഭാഷയായ ഇംഗ്ലീഷ് ഭാഷ കൂടി കുട്ടികളെ സംസാരിക്കാനും എഴുതാനും വായിക്കാനും പഠിപ്പിക്കേണ്ടതുണ്ട്. പാവപ്പെട്ടവരുടേയും സംവരണ വിഭാഗത്തിൽപ്പെട്ടവരുടേയും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഗവൺമെന്റ് കൈക്കൊള്ളുന്ന നിലപാടുകൾ അഭിനന്ദനാർഹമാണ്. അൺ എക്കണോമിക്കായിട്ടുള്ള സ്കൂളുകൾ അടച്ചുപൂട്ടണം. പൊതുവിദ്യാലയങ്ങളിലെയും എയ്ഡഡ് വിദ്യാലയങ്ങളിലെയും അദ്ധ്യാപകരുടെ നിയമനങ്ങൾ പുന:ക്രമീകരിച്ചുകൊണ്ട് കർശനനിലപാട് സ്വീകരിക്കണം. സിനിമയുടെ പ്രായോഗികത അറിയുന്നവരെ ഉൾപ്പെടുത്തിയും മറ്റ് സംസ്ഥാനങ്ങളിലുള്ള ഫിലിം സിറ്റികളെ സംബന്ധിച്ച് പഠിച്ചുകൊണ്ടും സംസ്ഥാനത്തെ ഫിലിം സിറ്റി നിർമ്മാണവുമായി മുന്നോട്ടുപോകണം. ഫുട്ബോൾ ഒളിമ്പിക്സ് അസോസിയേഷനുകളുടെ തലപ്പത്ത് പ്രവർത്തിക്കുന്ന സ്പോർട്സുമായി ബന്ധമില്ലാത്ത പ്രായാധിക്യമുള്ളവരെ മാറ്റുന്നതിന് നിയമനിർമ്മാണം നടത്താൻ തയ്യാറാകണം.

ശ്രീ. ആർ. രാജേഷ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിലെ നവോത്ഥാന-സാമൂഹ്യപരിഷ്കർത്താക്കളെയും സാംസ്കാരിക നായകരെയും

ആദരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും അവരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള തീരുമാനം ശ്ലാഘനീയമാണ്. ചലച്ചിത്ര മേഖലയിൽ ഒരു പുത്തനുണർവ് സൃഷ്ടിക്കുന്നതിന്റെ ഭാഗമായി എല്ലാ മണ്ഡലങ്ങളിലും തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചതും ശ്രീനാരായണ ഗുരുദേവൻ നടത്തിയ 'ജാതിയില്ലാ വിളംബര'ത്തിന്റെ പ്രസക്തി നിലനിർത്തുന്നതിനായി 6000 കേന്ദ്രങ്ങളിൽ ജാതിരഹിത കേരളത്തെ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തിയതും സ്വാഗതാർഹമാണ്. പൊതുവിദ്യാഭ്യാസ രംഗത്തും കായിക രംഗത്തും വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. 135 പഞ്ചായത്തുകളിൽ കളിക്കളങ്ങളും എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ, ജി. വി. രാജാ സ്പോർട്സ് സ്കൂൾ എന്നിവയുടെ നിയന്ത്രണം വിദ്യാഭ്യാസ വകുപ്പിൽനിന്നും കായിക വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഈ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങളെത്തിക്കുന്നതിനും ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ സ്കൂളുകൾ പൂട്ടുന്നത് ഒഴിവാക്കുന്നതിന്റെ ഭാഗമായി കേരള എഡ്യൂക്കേഷൻ ആക്ടിൽ ഭേദഗതി

വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും രക്ഷകർത്താവ് മരണമടഞ്ഞാൽ 50,000 രൂപ സ്ഥിരനിക്ഷേപമായി നൽകുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്.

ഡോ. എൻ. ജയരാജ് : ധനാഭ്യർത്ഥനയെ എതിർക്കുന്നു. സ്കൂളുകളിൽ ഏകീകൃത സിലബസ് കൊണ്ടുവരുന്നതിനും അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാത്ത രീതിയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുകയും സാംസ്കാരിക നയം രൂപീകരിക്കുകയും വേണം. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ് : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ-കലാ-സാംസ്കാരിക രംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ആവിഷ്കാര-അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നിലപാടുകൾക്കെതിരെ ജാഗ്രതയുണ്ടാകണം. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. ജില്ലകളിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങളും പഞ്ചായത്തുകളിൽ കളിക്കളങ്ങളും നിർമ്മിക്കുന്നതിനുള്ള പദ്ധതി

കായികമേഖലയ്ക്ക് ഉണർവ്വേകുന്നതാണ്. കലാകാരന്മാർക്കുള്ള പെൻഷൻ ഇരട്ടിയായി വർദ്ധിപ്പിച്ചതും യുവകലാകാരന്മാർക്ക് ഫെലോഷിപ്പ് ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. ജില്ലാകേന്ദ്രങ്ങളിൽ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനും സ്ഥിരം നാടകവേദി ഒരുക്കുന്നതിനുമുള്ള ശ്രമങ്ങളും അഭിനന്ദനാർഹമാണ്. സാമ്പത്തിക പരാധീനതകളാൽ ഉഴലുന്ന നാടക സമിതികളെ നിലനിർത്തുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം. ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദിയും നൂറ് തീയേറ്റർ സമുച്ചയങ്ങൾ പണികഴിപ്പിക്കാനുള്ള പ്രഖ്യാപനവും സർക്കാർ തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സമ്പ്രദായം ആരംഭിച്ചതും സ്വാഗതാർഹമാണ്. കർണ്ണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ പ്രാദേശിക ഭാഷാചിത്രങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന മാതൃകയിൽ മലയാള ചലച്ചിത്രങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീ. പി. സി. ജോർജ്</u>: പ്ലസ് വൺ അഡ്മിഷന് അനാവശ്യമായി തുക ഈടാക്കിയ സ്കൂൾ മാനേജ്മെന്റിനെതിരെ സമർപ്പിച്ച പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കണം. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥിനികളുടെ അടിവസ്ത്രമുൾപ്പെടെ അഴിച്ച് പരിശോധന നടത്തിയ സംഭവത്തിൽ കർശന നടപടി സ്വീകരിക്കണം. ജി.വി. രാജ സ്പോർട്സ് സ്കൂളിന്റെ സ്റ്റേഡിയം പണി

അടിയന്തരമായി പൂർത്തീകരിക്കണം.

പ്രൊഫ. കെ. യു. അരുണൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കായിക രംഗത്തുണ്ടാകുന്ന മുന്നേറ്റം വർഗ്ഗീയാടിസ്ഥാനത്തിലുള്ള പ്രവണതകളെ ദുർബ്ബലപ്പെടുത്തുമെന്നതിൽ സംശയമില്ല. പഞ്ചായത്തുകളിലടക്കം ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിക്കൊണ്ടുമാത്രമേ കായികമേഖലയെ ഉദ്ദേശിക്കുന്ന നിലവാരത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കുകയുള്ളൂ. കുട്ടികളുടെ ആഗ്രഹത്തിനനുസരിച്ച് കരിക്കുലവും സിലബസും ചിട്ടപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിയുമെന്ന ശുഭപ്രതീക്ഷയുണ്ട്. സ്പോർട്സ് രംഗത്ത് ഏറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഹൈബി ഈഡൻ : ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനുവേണ്ടി യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സ്കൂളുകളിൽ ഭൗതിക സാഹചര്യമൊരുക്കുന്നതോടൊപ്പം അക്കാദമിക് ലെവൽ മെച്ചപ്പെടാനുള്ള നടപടിയും സ്വീകരിക്കേണ്ടതുണ്ട്. ക്യാമ്പസ്സുകളിൽ ക്രിമിനൽ പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുന്ന വിദ്യാർത്ഥികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിക്കരുത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം നിർജ്ജീവമായിരുന്ന വിദ്യാഭ്യാസ മേഖലയെ സജീവമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള മുഴുവൻ പുസ്തകങ്ങളും അച്ചടിച്ചുകഴിഞ്ഞു. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ആയിരം കുട്ടികളിലധികം പഠിക്കുന്ന വിദ്യാലയങ്ങൾ സെന്റർ ഫോർ എക്സലൻസായി ഉയർത്താനുള്ള തീരുമാനവും പാഠ്യപദ്ധതിയിൽ കൃഷി ഉൾപ്പെടുത്തിയതും എല്ലാ സ്കൂളുകളിലും ബയോഡൈവേഴ്സിറ്റി പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈടെക്കാക്കി മാറ്റുന്ന സാഹചര്യത്തിൽ അടിസ്ഥാനസൗകര്യമില്ലാത്ത സ്കൂളുകളെ നവീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ഒന്നാം ക്ലാസുമുതൽ സോഷ്യൽ സയൻസിനും ഹ്യൂമാനിറ്റീസിനും പ്രാധാന്യം നൽകണം. സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്ന അവസരത്തിൽ മനുഷ്യസംബന്ധമായ വിഷയങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകണം. വിദ്യാഭ്യാസാവകാശ നിയമം നടപ്പിലാക്കുന്നതിൽ ജാഗ്രത കാണിക്കണം. വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്നതിനുവേണ്ടിയായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകിയത്. സ്വകാര്യ സ്വാശ്രയ കോളേജുകളിൽ

നടക്കുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ, മനുഷ്യാവകാശ ലംഘനങ്ങൾ, മാനസിക പീഡനങ്ങൾ എന്നിവ തടയുന്നതിനും നിയമവിരുദ്ധമായ രീതിയിൽ ഫൈൻ ഏർപ്പെടുത്തുന്നതിനെതിരെയും നടപടി സ്വീകരിക്കണം. സ്കൂൾ തലത്തിൽത്തന്നെ കായിക സംസ്കാരം വളർത്തിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനയെ എതിർക്കുന്നു. 2016-17-ൽ പ്രൈമറി സ്കൂളുകളിൽ ഫിക്സേഷനോ പോസ്റ്റ് ക്രിയേഷനോ നടത്തുകയോ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയോ ചെയ്തിട്ടില്ല. യു.എസ്.എസ്./എൽ.എസ്.എസ്. സ്കോളർഷിപ് തുക വർദ്ധിപ്പിക്കുന്നതിനും ഡയറ്റ്-ലെ അദ്ധ്യാപക നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം. മാനേജ്മെന്റ് ക്വാട്ടയിലെ അഡ്മിഷനുകളിൽ നടക്കുന്ന അഴിമതി തടയുന്നതിനും കമ്മ്യൂണിറ്റി ക്വാട്ടയിലെ പ്രവേശനം സിംഗിൾ വിൻഡോ അടിസ്ഥാനത്തിൽ നടത്തുന്നതിനും നടപടി സ്വീകരിക്കണം. വി.എച്ച്.എസ്.ഇ. /ഹയർ സെക്കണ്ടറി എന്നിവ ഏകീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. മലപ്പുറം ജില്ലയിലെ ആൾ കേരള ഓപ്പൺ സ്കൂളിന്റെ സെന്ററുകൾ പൂട്ടുന്ന നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണം. കൊണ്ടോട്ടി ഗവൺമെന്റ് കോളേജിൽ പുതിയ ബാച്ചും കോഴ്സുകളും അനുവദിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഗവൺമെന്റ് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് യു.ജി.സി. ക്വാളിഫിക്കേഷനിൽ നൽകിയിട്ടുള്ള ഇളവ് എയ്ഡഡ് കോളേജുകളിലേയ്ക്കുകൂടി വ്യാപകമാക്കുന്നതിനും എയ്ഡഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ അഭാവം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. YUTE (Youth Upliftment Through Employment) പ്രോഗ്രാം നടപ്പിലാക്കി വിദേശ സർവ്വകലാശാലകളുടെ സെന്ററുകൾ ആരംഭിച്ച് പ്രൈവറ്റായി പരീക്ഷയെഴുതുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കായിക ക്ഷമതയുള്ള സമൂഹത്തെ വാർത്തെടുക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി, ദേശീയ കായികക്ഷമതാ മിഷൻ എന്നിവ ആവിഷ്കരിക്കുകയും സ്പോർട്സ് പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തു. ജി. വി. രാജ സ്പോർട്സ് സ്കൂളിനെ രാജ്യാന്തര നിലവാരമുള്ളതാക്കി മാറ്റുന്നതിനും സ്പോർട്സ് മേഖലയിലെ നിയമനങ്ങളിൽ ബാക്ക്‌ലോഗ് നികത്തുന്നതിനും കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനും നടപടി സ്വീകരിച്ചു. എല്ലാ ജില്ലകളിലും നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയും സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രശസ്ത

സംവിധായകൻ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ കമ്മീഷനെ നിയോഗിക്കുകയും ഗ്രാമീണ മേഖലയിൽ സിനിമാ തിയേറ്ററുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. യുവകലാകാരന്മാർക്ക് ഫെലോഷിപ്പ് ഏർപ്പെടുത്തുകയും കലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലയിൽ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കാനും ലോക നിലവാരമുള്ള നാടകങ്ങൾ പ്രദർശിപ്പിക്കാനും വേദിയുണ്ടാക്കാൻ തീരുമാനിച്ചു. സ്വാശ്രയ കോളേജുകളുടെ നിയന്ത്രണത്തിന് സമഗ്രമായ നിയമം കൊണ്ടുവരുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദിനേശന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയും വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് നൽകുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും മാനദണ്ഡങ്ങൾ കർശനമാക്കുന്നതിനുംവേണ്ടി എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ നേതൃത്വത്തിൽ നാല് വൈസ് ചാൻസലർമാരടങ്ങുന്ന കമ്മിറ്റിയും രൂപീകരിച്ചു. വിദ്യാർത്ഥി രാഷ്ട്രീയത്തിലും വിദ്യാഭ്യാസ രംഗത്തും മാറ്റമുണ്ടാകണം. കഴിഞ്ഞ സർക്കാർ അധികമായി അനുവദിച്ച പ്ലസ് ടു ബാച്ചിന് തസ്തിക അനുവദിക്കുകയും താൽക്കാലിക അദ്ധ്യാപകർക്ക് ശമ്പളം നൽകുകയും ചെയ്തു. കേരളത്തിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള മ്യൂസിയം വകുപ്പിന്റെ പ്രവർത്തനങ്ങൾ

അഭിനന്ദനാർഹമാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. അദ്ധ്യാപകരുടെ അംഗീകാരം, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് അദ്ധ്യാപക സംഘടനയാണ്. സ്കൂൾ-കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. എസ്.എസ്.എൽ.സി. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് നിർത്തിവച്ചിരിക്കുന്ന അന്വേഷണം പൂർത്തിയാക്കാനും കുറ്റക്കാരെ ശിക്ഷിക്കാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസും പ്രധാനപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളും ചില സംഘടനകൾ കയ്യടക്കിവച്ചിരിക്കുകയാണ്. സ്വാശ്രയ മാനേജുമെന്റുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദൗർഭാഗ്യകരമായ സംഭവങ്ങൾ നടന്നത് ഈ സർക്കാരിന്റെ കാലത്താണ്. കേരളത്തിലെ കോളേജുകളിലെ നിരവധി അദ്ധ്യാപകർ അപമാനിക്കപ്പെട്ടതിന് കൂട്ടുനിന്നവർക്കെതിരെ നടപടിയെടുക്കാൻ ഇതുവരെ സർക്കാരിന് സാധിച്ചിട്ടില്ല. അനർഹരായവരെ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലെ സുപ്രധാന തസ്തികകളിൽ നിയമിച്ചിരിക്കുകയാണ്. പ്രധാനപ്പെട്ട പല ഫയലുകളും പൂഴ്ത്തിവയ്ക്കുന്നതിനെതിരെ മാതൃകാപരമായ നടപടിയെടുക്കുകയും മേലിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും

സ്വീകരിക്കുകയും വേണം. യു.ഡി.എഫ്. സർക്കാർ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് 47,000/- രൂപയാണ് ഫീസ് വർദ്ധിപ്പിച്ചിരുന്നതെങ്കിൽ ഈ സർക്കാർ 11 മാസം കൊണ്ട് 65,000/- രൂപയാണ് വർദ്ധിപ്പിച്ചത്. പൊതുവിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസത്തെ ദേശീയ നിലവാരത്തിലെത്തിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് എല്ലാ എം.എൽ.എ.മാരും അസറ്റ് ഡെവലപ്മെന്റ് ഫണ്ട് വിനിയോഗിച്ചത് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടിയാണ്. ഈ ഗവൺമെന്റും അക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. അദ്ധ്യാപകരുടെ ഭൗതിക നിലവാരം ഉയർത്താനും സർവ്വകലാശാലകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും അടിസ്ഥാന സൗകര്യം മാത്രമല്ല ക്വാളിറ്റേറ്റീവായ വിദ്യാഭ്യാസ സമ്പ്രദായം കൊണ്ടുവരാനും തയ്യാറാകണം. നിലവാരത്തകർച്ചയുള്ളതിനാൽ പലരും സംസ്ഥാനത്തിന് പുറത്തുള്ള കോളേജുകളെ ആശ്രയിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ചർച്ചയുടെ ഭാഗമായി

ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും പോസിറ്റീവായി കാണുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ അടുത്ത അധ്യയന വർഷം മുതൽ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്നതാണ്. സർവ്വകലാശാലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചുവടുവയ്പുകളാണ് സർക്കാർ നടത്തുന്നത്. സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ ട്യൂഷൻ കേരളത്തിൽ കർശനമായി ഒഴിവാക്കാനും 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ പരീക്ഷകളും സർക്കാർ നേരിട്ട് നടത്താനും ടെക്സ്റ്റ് ബുക്ക് അടിസ്ഥാനമാക്കിയുള്ള ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കാനും ശ്രമിക്കുന്നതാണ്. ഓൺ ലൈൻ ക്വസ്റ്റ്യൻ പേപ്പർ പരീക്ഷിക്കുന്നതിന്റെ ഭാഗമായി ഈ വർഷം 10, 12 ക്ലാസ്സുകളിലെ ഓണപ്പരീക്ഷയോ ക്രിസ്തുമസ് പരീക്ഷയോ ഏതെങ്കിലുമൊന്ന് ഓൺലൈനായി നടത്തുന്നതാണ്. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം പൂർത്തിയായാൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കും. ഈ വർഷം കേരളത്തിന്റേതായ രീതിയിൽ എൻ.എസ്.ക്യൂ.എഫ്. എല്ലാ സ്കൂളുകളിലും നടപ്പിലാക്കാനുള്ള ഒരു പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ക്ലീൻ സ്ലേറ്റ് എന്ന രീതിയിൽ എല്ലാം

ഒരുങ്ങിക്കൊണ്ടുള്ള ഒരു അധ്യയന വർഷമാണ് ഒന്നാം തീയതി മുതൽ ആരംഭിക്കുന്നത്. അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ അദ്ധ്യാപകരുടെ സ്ഥലംമാറ്റം പൂർത്തിയാക്കുന്നതാണ്. അന്താരാഷ്ട്ര തലത്തിലേയ്ക്ക് കേരളത്തിന്റെ അക്കാദമിക് മികവ് വർദ്ധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കേരളത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ അന്തർദേശീയ നിലവാരത്തിലേയ്ക്കെത്തിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതിക/അക്കാദമിക് സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നാല് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും 13112 സ്കൂളുകളിൽ ബ്രോഡ്ബാന്റ് കണക്ഷൻ നൽകുകയും ചെയ്തു. പി.ഡി.അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക ബന്ധപ്പെട്ട സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് വിനിയോഗിക്കാമെന്ന ഉത്തരവ് നൽകിയതിലൂടെ കുറെയധികം സ്കൂളുകളെ ഹൈടെക്കാക്കി മാറ്റാൻ സാധിക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകിക്കൊണ്ട് വിദ്യാഭ്യാസ രംഗത്തെ അക്കാദമിക് നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും സർവ്വകലാശാലകളിലും ഡിജിറ്റൈസേഷൻ നടപ്പിലാക്കുകയും ആർ.എം.എസ്.എ. സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയും ചെയ്യും. കുട്ടികളിലെ കായികശേഷിയും സർഗ്ഗശേഷിയും വികസിപ്പിക്കുന്നതിന് കലാ-കായിക-സാംസ്കാരിക പാർക്കുകളും

ടാലന്റ് ലാബുകളും ആരംഭിക്കും. ഓട്ടിസം പോലുള്ള മാരകരോഗം ബാധിച്ച കുട്ടികൾക്കായി ഓട്ടിസം പാർക്ക് ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. RUSA-യുടെ പ്രവർത്തനത്തിലൂടെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 'സ്പോർട്സ് ഫോർ ലൈഫ്' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പുതിയ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഭരണനടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. പതിനാല് ജില്ലാ സ്റ്റേഡിയങ്ങളിൽ സ്ഥലം ലഭ്യമായ ഏഴ് സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ.-ഉം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇരുപത്തിയഞ്ച് സ്റ്റേഡിയങ്ങളിൽ പതിനെട്ടെണ്ണത്തിന്റെ ഡി.പി.ആർ.-ഉം തയ്യാറായിട്ടുണ്ട്. ഇവയുടെ പ്രോജക്ട് കിഫ്ബിയിൽ സമർപ്പിച്ച് ഈ വർഷംതന്നെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. ഇന്ത്യയിലെയും വിദേശത്തെയും സ്പോർട്സ് കോച്ചുകളുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് 'ഓപ്പറേഷൻ ഒളിമ്പിയ' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായികക്ഷമതാ

മിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. സ്പോർട്സ് യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. മൂന്നാറിലെ കായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിനെ മികവിന്റെ കേന്ദ്രമാക്കും. 'ഹലോ ഇന്ത്യ' പ്രോജക്ടിന്റെ ഭാഗമായി തലശ്ശേരി ബ്രണ്ണൻ കോളേജിൽ സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കും. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഫുട്ബാൾ അക്കാദമി സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ഉറപ്പാക്കിക്കൊണ്ട് അടിയന്തരമായി നടപ്പാക്കും. ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബാളുമായി ബന്ധപ്പെട്ട് പ്രധാന പരിശീലന വേദിയായ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിന്റെ പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മികച്ച 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്പോർട്സ് താരങ്ങളുടെ നിയമനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പി.എസ്.സി. നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനും മികച്ച സ്പോർട്സ് താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കും. കായികതാരങ്ങൾക്ക് മികച്ച

പരിശീലനം നൽകുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കാനും എല്ലാ ജില്ലകളിലും ഒരു സ്കൂൾ ഏറ്റെടുത്ത് മാതൃകാ വിദ്യാലയമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഗ്രാമീണ കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കാനും കേരളോത്സവത്തെ പുനരുജ്ജീവിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ ആസ്ട്രോ ടർഫ് നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരിഗണിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): നവോത്ഥാന നായകന്മാരുടെ പേരിൽ 14 കൾച്ചറൽ കോംപ്ലക്സുകളും എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളും ചലച്ചിത്ര രംഗത്തെ പ്രതിസന്ധി ഒഴിവാക്കാനായി കെ.എസ്.എഫ്.ഡി.സി. മുഖേന 100 തിയേറ്ററുകളും സ്വകാര്യ പങ്കാളിത്തത്തോടുകൂടി 400 തിയേറ്ററുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. വടക്കൻ പറവൂരിലെ ചിത്രാഞ്ജലി തിയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരിച്ച് ഫിലിം സിറ്റി ആക്കുന്നതിന് 150 കോടി രൂപയുടെയും അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് സ്ഥിരംവേദി ഒരുക്കുന്നതിന് 150 കോടി രൂപയുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. സിനിമാ റെഗുലേറ്ററി

സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ചലച്ചിത്ര അക്കാഡമിയുടെ അന്തർദ്ദേശീയ ഫിലിം റിസർച്ച് ആന്റ് സ്റ്റഡി സെന്റർ കഴക്കൂട്ടത്ത് കിൻഫ്രാ പാർക്കിൽ ആരംഭിക്കുന്നതാണ്. ഗ്രാമീണ മേഖലകളിലും ആദിവാസി സെറ്റിൽമെന്റുകളിലും ഉന്നത നിലവാരമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനായി കേരളത്തെ 3 മേഖലകളായി തിരിച്ച് ടൂറിംഗ് ടാക്കീസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സാഹിത്യ അക്കാദമികൾ ഫലപ്രദമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും കേരള കലാമണ്ഡലം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഒ.എൻ.വി. കുറുപ്പിന്റെ ഒന്നാം ചരമവാർഷികം 'നിള ഫെസ്റ്റ് ' എന്ന പേരിൽ ആചരിക്കാൻ സാധിച്ചു. ഭാരത് ഭവനും മലയാള മിഷനും കൂടിച്ചേർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലയാള മിഷൻ നവീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും കേരള കൾച്ചറൽ കൗൺസിൽ രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. വിവിധ മേഖലകളിലെ ആയിരം യുവകലാകാരൻമാർക്ക് ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് ഏർപ്പെടുത്തും. കേരളത്തിന്റെ സാംസ്കാരിക ചരിത്രവും പൈതൃകവും പരിചയപ്പെടുത്തുന്നതിന് ആർട്ട് മ്യൂസിയം സ്ഥാപിക്കും. സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റ് സംവിധാനവും സിനിമാ റെഗുലേറ്ററി നിയമവും നടപ്പാക്കും. കേരള ചലച്ചിത്ര അക്കാദമിയുടെ ഇന്റർനാഷണൽ ഫിലിം റിസർച്ച്

ആന്റ് സ്റ്റഡി സെന്ററിന്റെ നിർമ്മാണവും കെ.എസ്.എഫ്.ഡി.സി.-യുമായി ചേർന്ന് 25 തിയേറ്ററുകളുടെ നിർമ്മാണവും ഈ വർഷം പൂർത്തിയാക്കും. സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ പുതിയ നാടക സംരംഭങ്ങൾക്ക് കേരളത്തിനകത്തും പുറത്തും വേദികൾ സംഘടിപ്പിക്കുകയും കേരള സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ കേരള അന്താരാഷ്ട്ര സാഹിത്യ പുരസ്കാരം വിപുലമായി നടപ്പാക്കുകയും ചെയ്യും. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ ശില്പകലയുടെ പഠനത്തിനും പ്രചരണത്തിനുമായി എല്ലാ ജില്ലകളിലേയും ഓരോ സർക്കാർ സ്കൂളുകളിൽ ചരിത്ര സാംസ്കാരിക സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ശില്പങ്ങൾ സ്ഥാപിക്കും. ജയിലുകളിൽ ആർട്ട് ഗ്യാലറിയും മെഡിക്കൽ കോളേജ്, ക്യാൻസർ ചികിത്സാ ആശുപത്രി എന്നിവിടങ്ങളിൽ ആർട്ട് ഗ്യാലറിയും എക്സിബിഷനും സംഘടിപ്പിക്കുന്നതാണ്. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ തെയ്യം ഫെസ്റ്റും ലിപിയില്ലാത്ത ഭാഷകളുടെ സംഗമത്തിന്റെ ഭാഗമായി ഭാരത് ഭവനിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും അനുഷ്ഠാന കലകൾ സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്യും. കേരളത്തിന്റെ സാംസ്കാരിക ഭൂപടം തയ്യാറാക്കുന്നതിനും കലാമണ്ഡലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കും. കേരളത്തിലെ വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ കുട്ടികൾക്ക്

പരിചയപ്പെടുത്തുന്നതിനായി സ്റ്റുഡന്റ് കൾച്ചറൽ ടൂർ പ്രോഗ്രാം എന്ന പുതിയ പദ്ധതി ആവിഷ്കരിക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പുത്തൂർ സുവോളജിക്കൽ പാർക്കിന് പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഒന്നാംഘട്ട പ്രവർത്തനങ്ങൾ സെൻട്രൽ പി.ഡബ്ല്യു.ഡി. വഴി നടത്താനുള്ള അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ നാല് കൂടുകളുടെ നിർമ്മാണത്തിന് അടങ്കൽ തയ്യാറാക്കുകയും ധാരണാപത്രം ഒപ്പിടുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണ പ്രവർത്തനത്തിനും മറ്റുമായി കിഫ്ബിയിൽ നിന്നും 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സന്ദർശകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഇന്ത്യയിലെ മറ്റ് മൃഗശാലകളിൽ നിന്ന് മൃഗങ്ങളെ കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഭിന്നശേഷിസൗഹൃദ പദ്ധതിയുടെ ഒന്നാം ഘട്ടമായി വകുപ്പിന്റെ അധീനതയിലുള്ള 6 മ്യൂസിയങ്ങളിൽ ഭിന്നശേഷിസൗഹൃദ ശുചിമുറികൾ നിർമ്മിക്കുന്നതിനും പാർക്കിംഗ് മേഖല കണ്ടെത്തുന്നതിനും പദ്ധതികൾ

സമർപ്പിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം എന്നിവയുടെ ആദ്യഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. സംരക്ഷിത സ്മാരകമായ മടവൂർപ്പാറ ഗുഹാക്ഷേത്രം പരിസ്ഥിതി സൗഹൃദമാക്കുകയും കുട്ടികളുടെ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ബ്രിട്ടീഷുകാരുടെ കാലത്തെ ജയിൽ സംരക്ഷിത സ്മാരകമാക്കാനുള്ള നടപടി ആരംഭിച്ചു. സംസ്ഥാന ആർക്കൈവ്സ് വകുപ്പിന് കീഴിൽ അമൂല്യ രേഖകൾ പരിശോധിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. അന്തർദേശീയ-പ്രാദേശിക തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരുടെ കയ്യൊപ്പും കയ്യക്ഷരവും പൂർണ്ണവിവരവും പ്രദർശിപ്പിക്കുന്നതിന് കയ്യൊപ്പ് രേഖാലയ മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. പുരാരേഖാ വകുപ്പിലെ താളിയോല രേഖകൾ UNESCO-യുടെ കീഴിലുള്ള ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കോഴിക്കോട് ആർട്ട് ഗ്യാലറിയിൽ ആധുനിക രീതിയിലുള്ള തിയേറ്ററും തിരുവനന്തപുരത്ത് ആധുനിക രീതിയിലുള്ള കുട്ടികളുടെ പാർക്കും ഗാർഡൻ ഓഫീസിന് പുതിയ കെട്ടിടവും നിർമ്മിച്ചിട്ടുണ്ട്. ശ്രീചിത്രാ ആർട്ട് ഗ്യാലറി നവീകരിച്ചിട്ടുണ്ട്. കണ്ണൂരിൽ തെയ്യം മ്യൂസിയത്തിനുള്ള നടപടിയും കാസർഗോഡ്

ചന്ദ്രഗിരിക്കോട്ട, തൃശ്ശൂർ  പള്ളിപ്രം കോട്ട, ഇടുക്കി മുനിയറകൾ എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വയനാട് ഹെറിറ്റേജ് മ്യൂസിയം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുവർ ചിത്രങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന 30-നെതിരെ 74 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.

******************